Break the Chain

വനിത ശിശുവികസന വകുപ്പ്

150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: :ശ്രീമതി.അനുപമ ടി.വി ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - തിരുവനന്തപുരം സ്വദേശി ദീപക്.ഡി എന്ന കുട്ടിക്ക് ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1) തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ:DCPO/T/D2/2465/21 തീയതി :21.09.2021

====================================================================================

**ഉത്തരവ് നമ്പർ: ICPS-4(A)/11556/2021 തീയതി: 22.11.2021**

====================================================================================

തിരുവനന്തപുരം ജില്ലയിൽ കണിയാപുരം പുന്നവിളാകത്ത് വീട്ടിൽ ശ്രീ.ദിപീഷ് ശ്രീമതി.സൗമ്യ എന്നീ ദമ്പതികളുടെ മകനായ ദീപക്.ഡി (11 വയസ്സ്) എന്ന കുട്ടിക്ക് Bilateral Vesicoureteral Reflux എന്ന രോഗാവസ്ഥയാണ് എന്നും കുട്ടിക്ക് ജീവിതകാലം മുഴുവൻ പരിശോധന ആവശ്യമാണ് എന്നും കൂടാതെ കുട്ടിക്ക് ഭാവിയില് ഡയാലിസിസ് നടത്തേണ്ട സാഹചര്യമുണ്ട് എന്നും കൂടാതെ ഇടത് വൃക്ക ഭാഗീകമായി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നും ഭാവിയിൽ വലത് വൃക്ക ക്ഷയിക്കാൻ സാധ്യത ഉണ്ട് എന്നും നിലവിൽ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശം ആണ് എന്നും ഇനിയും ദീർഘനാൾ ചികിത്സ തുടരേണ്ടതുള്ളതിനാൽ കുട്ടിയെ ബാലനിധിയിൽ ഉൾപ്പെടുത്തി തുടർ ചികിത്സയ്ക്കായി ആകെ 58,500/-രൂപ അനുവദിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള തിരുവനന്തപുരം ജില്ലയിൽ കണിയാപുരം പുന്നവിളാകത്ത് വീട്ടിൽ ശ്രീ.ദിപീഷ് ശ്രീമതി.സൗമ്യ എന്നീ ദമ്പതികളുടെ മകനായ ദീപക്.ഡി യുടെ കുടുംബത്തിലെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ

ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത 58,500/-രൂപ നിന്നും ലഭ്യമായ ബില്ലുകളുടെ അടിസ്ഥാനത്തിൽ ചിലവഴിച്ച 8500 രൂപയും,തുടർ ചികിത്സയ്ക്കായി പ്രതിമാസം 3000/- രൂപ നിരക്കിൽ നവംബർ മുതൽ മാർച്ച് വരെ 15000/- രൂപയും ചേർത്ത് ആകെ 23,500/-രൂപ **(ഇരുപത്തി മൂവായിരത്തി അഞ്ഞൂറു മാത്രം )** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ 23,500/-രൂപ **(ഇരുപത്തി മൂവായിരത്തി അഞ്ഞൂറു മാത്രം )** തിരുവനന്തപുരം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിൻറെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകേണ്ടതാണ്. വനിത ശിശു വികസന ഓഫീസർ തുക അലോട്ടുമെന്റായി തിരുവനന്തപുരം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ ടി തുകയിൽ ബില്ലുകളുടെ അടിസ്ഥാനത്തിൽ 8500/-രൂപയും പ്രതിമാസം 3000/-നിരക്കിലും കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്,അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഫണ്ടിനുള്ള അപേക്ഷ കുട്ടിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് സഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് അടുത്ത ഗഡുവായി തുക അനുവദിക്കുന്നതാണ്.

(ഒപ്പ്)

*വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)*

**ജില്ലാ വനിത *ശിശു* വികസന ഓഫീസർ,**
**തിരുവനന്തപുരം**

പകർപ്പ്

1. ജില്ല ശിശു സംരക്ഷണ ഓഫീസർ,തിരുവനന്തപുരം
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Remya

സൂപ്രണ്ട്